# "ഭരണഭാഷ മാതൃഭാഷ"

E2 12197 6/10/22.

K2/20640/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 03.10.2022

<u>പരിപത്രം</u>

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് കോളേജുകളിലെ പി ഡി സഞ്ചിത നിക്ഷേപ തുക വിനിയോഗം -മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- (1) 26/10/2017 തിയതിയിലെ സ.ഉ(സാധാ) നം.1939/2017/ഉ വി വ
(2) ഈ ഓഫീസിലെ 09.05.2018 ലെ ജി 2 / 6202 / 2018 / കോ.വി.വ നമ്പർ കത്ത്.
(3) 21/10/2021 തീയതിയിലെ സ.ഉ(സാധാ) നം.1400/2021/ഉ വി വ
(4) 12.05.2022 തീയതിയിൽ സ.ഉ (സാധാ) നം 677 / 2022/ഉ.വി.വ

*********

പി ഡി സഞ്ചിത നിക്ഷേപ തുക വിനിയോഗിച്ച് കംപ്യൂട്ടറുകൾ, ഫർണിച്ചറുകൾ, ടോയ്‌ലെറ്റുകൾ, ലൈബ്രറി, ലബോറട്ടറി, ക്ലാസ്റൂമുകൾ എന്നിവയുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനും ലബോറട്ടറി ഉപകരണങ്ങളും പുസ്തകങ്ങളും വാങ്ങുന്നതിനും സർക്കാർ , എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്ക അനുമതി നൽകി സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനാൽ എയ്ഡഡ് കോളേജുകളിലെ പി ഡി സഞ്ചിത നിക്ഷേപ തുക വിനിയോഗത്തിനു ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരുടെ അനുമതി തേടണമെന്ന സൂചന 2 പ്രകാരമുള്ള കത്ത് ഇതിനാൽ റദ്ദ് ചെയ്യുന്നു. സൂചന 3 സർക്കാർ ഉത്തരവ് പ്രകാരം LMS പ്ലാറ്റ്‌ഫോം സ്ഥാപിക്കുന്നതിനാവശ്യമായ ഡിജിറ്റൽ സംവിധാനങ്ങൾക്കും സൂചന 4 സർക്കാർ ഉത്തരവ് പ്രകാരം ഡിജിറ്റയിസേഷനും ഡി.ഡി.എഫ്.എസ് സ്ഥാപിക്കുന്നതിനും പി ഡി സഞ്ചിത നിക്ഷേപ തുക വിനിയോഗിക്കുന്നതിനു അനുമതി നൽകി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പി ഡി സഞ്ചിത നിക്ഷേപ വിനിയോഗവുമായി ബന്ധപ്പെട്ട് വീഴ്ചകൾ സംഭവിക്കുന്നതായും സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന കാര്യങ്ങൾക്കല്ലാതെയും തുക ചെലവഴിക്കുന്നതായും ഫയൽ അദാലത്തിൽ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിനാൽ ജനറൽ പി ഡി സഞ്ചിത നിക്ഷേപ തുക കാര്യക്ഷമമായും സുഗമമായും വിനിയോഗിക്കുന്നതിനു താഴെപറയുന്ന മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സൂചന സർക്കാർ ഉത്തരവുകളിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള ചുമതല എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കു ഉണ്ടായിരിക്കുന്നതാണ്.
2. അറ്റകുറ്റ പണികൾ സർക്കാർ നടപടിക്രമങ്ങൾ (ടെൻഡർ / ക്വട്ടേഷൻ) പാലിച്ച് നടത്തേണ്ടതാണ്.
3. പി ഡി റൂൾ പ്രകാരം പി ഡി ഫണ്ട് വിനിയോഗത്തിനായി Individual Register, Consolidated Register എന്നിവ പരിപാലിക്കേണ്ടതായുണ്ട്. എന്നാൽ പല കോളേജുകളിലും ഏതെങ്കിലും ഒരു രജിസ്റ്റർ മാത്രമേ പരിപാലിക്കുന്നുള്ളൂ എന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനാൽ ഇനി മുതൽ എല്ലാ കോളേജുകളിലും ഈ രണ്ടു രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.
4. പി ഡി സഞ്ചിത നിക്ഷേപ തുക വിനിയോഗിക്കുന്നതിനു കോളേജ് കൗൺസിലിന്റെ അംഗീകാരം ആവശ്യമാണ്.
5. ഒരു വർഷത്തിലെ മാർച്ച് 31 ന ശേഷം ( സാമ്പത്തിക വർഷം അവസാനിച്ചതിന് ശേഷം) പി ഡി കൺസോളിഡേറ്റഡ് രജിസ്റ്ററിലെ തുകയും ട്രെഷറിയിലെ രേഖകൾ പ്രകാരമുള്ള തുകയും ഒന്ന് തന്നെയാണെന്ന് ഉറപ്പ് വരുത്തി ആനുവൽ ക്ലോസിങ് ബാലൻസ് സർട്ടിഫിക്കറ്റ് (ACBC) ട്രെഷറിയിൽ നിന്നും സ്വീകരിച്ച് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ടി തുകകൾ തമ്മിൽ പൊരുത്തക്കേടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ട്രെഷറിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതും, ഇക്കാരണത്താൽ പി ഡി സഞ്ചിത നിക്ഷേപ വിനിയോഗത്തിനു തടസ്സം സൃഷ്ടിക്കാൻ പാടില്ലാത്തതുമാണ്.
6. പി ഡി അക്കൗണ്ടിലേക്കു അടയ്ക്കുന്ന തുക അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടെന്നു BiMS പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

Scanned with OKEN Scanner

7. പി ഡി സഞ്ചിത നിക്ഷേപ തുക ചെലവഴിക്കുമ്പോൾ മുൻ വർഷങ്ങളിലെ തീർപ്പാക്കാത്ത ബില്ലുകൾ ഒന്നും തന്നെയില്ലെന്നു സ്ഥാപന മേധാവികൾ ഉറപ്പു വരുത്തേണ്ടതാണ്.
8. നിലവിലെ നിയമങ്ങൾ പാലിച്ചുകൊണ്ട് വിദ്യാർത്ഥി സമൂഹത്തിനു പൊതുവിൽ പ്രയോജനകരമായ കാര്യങ്ങൾക്കു തുക വിനിയോഗിക്കുവാൻ എല്ലാ സ്ഥാപന മേധാവികളും ശ്രദ്ധിക്കേണ്ടതാണ്.
9. പർച്ചേസുകൾക്കു സ്റ്റോഴ്സ് പർച്ചേസ് ചട്ടങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.
10. സൂചന 3 സർക്കാർ ഉത്തരവിന് വിധേയമായി LMS പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിനാവശ്യമായ ഡിജിറ്റൽ സംവിധാനങ്ങൾക്ക് മാത്രമേ പി ഡി സഞ്ചിത നിക്ഷേപ തുക വിനിയോഗിക്കാൻ പാടുള്ളൂ.LMS പ്ലാറ്റ് ഫോം സ്ഥാപിക്കുന്നതിന് ആവശ്യമായ മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിന് മാനേജ്മെന്റ്, മറ്റു ഫണ്ടുകൾ കണ്ടെത്തേണ്ടതാണ്.
11. എല്ലാ വർഷവും പി ഡി അക്കൗണ്ടിലെ വിവിധ ഇനങ്ങളിലായുള്ള തുകകൾ അതാത് ആവശ്യങ്ങൾക്കായി കർശനമായും ചെലവഴിക്കേണ്ടതാണ്. തുക ചെലവഴിക്കാതെ സഞ്ചിത നിക്ഷേപമാക്കുന്നതു ഗൗരവമായി കാണുന്നതാണ്.
12. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ കേന്ദ്രീകൃത പ്രവേശനത്തിലൂടെ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശനം പൂർത്തിയാക്കുന്ന തീയതിക്ക് (Date of Closing Admission) മുൻപായി മറ്റു കോളേജുകളിലേക്കു പ്രവേശനം ലഭിച്ചു പോകുന്ന പക്ഷം കോളേജുകളിൽ ഈടാക്കിയ മുഴുവൻ ഫീസും റീഫണ്ട് ചെയ്യേണ്ടതാണെന്ന മാർഗ്ഗനിർദ്ദേശം 29.07.2019 ലെ ബി 3 / 212 / 2019 / ഉ.വി.വ കത്ത് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ സ്പെഷ്യൽ ഫീസിനത്തിൽ സ്വീകരിച്ച മുഴുവൻ തുകയും ഇത്തരത്തിൽ വിടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാല വിദ്യാർത്ഥി പ്രവേശനം അവസാനിച്ച ശേഷം വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.
13. സൂചന 4 സർക്കാർ ഉത്തരവ് പ്രകാരം തുക ചെലവഴിക്കുമ്പോൾ ഡിജിറ്റൽ ഉപകരണങ്ങൾ വാങ്ങാൻ പാടുള്ളതല്ല.
14. പി ഡി സഞ്ചിത നിക്ഷേപ തുക ഉപയോഗിച്ച് വാങ്ങുന്ന സാധനങ്ങൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.
15. ചട്ടപ്രകാരമല്ലാതെ പർച്ചെയ്സ് നടത്തുന്ന പക്ഷം അക്കൗണ്ടന്റ് ജനറൽ/ വകുപ്പ് തല ഓഡിറ്റ് എന്നിവയിൽ തടസ്സവാദങ്ങൾ ഉണ്ടായാൽ ചെലവഴിച്ച തുക സ്ഥാപന മേധാവികളുടെ ബാധ്യതയാകുന്നതായിരിക്കും.

Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 03/10/2022
Reason: Approved

ഒപ്പ്/-
വിഗ്നേശ്വരി വി ഐ.എ.എസ്സ്
കോളജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

(1) ഡെപ്യൂട്ടി ഡയറക്ടർ (കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്)

(2 )സിസ്റ്റം മാനേജർ(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ വേണ്ടി)

Scanned with OKEN Scanner